ര സ്കീം സമർപ്പിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ അതിന്റെ ഒരു പ്രതി മേശപ്പുറത്തു വെക്കുമോ;

(ബി) അതിനെപ്പറ്റി ഗവണ്മെണ്ട് എന്തു നടപടിയാണ് എടുത്തത്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ഉവ്വ്. ശ്രീമാൻ കോമാട്ടിൽ അച്യുതമേനോൻ സമർപ്പിച്ച റിപ്പോർട്ടിന്റെ ഒരു പ്രതി മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ബി) റിപ്പോർട്ടിലെ എല്ലാ നിർദ്ദേശങ്ങളെപ്പറ്റിയും ഗവണ്മെണ്ട് ആലോചിക്കുകയും പ്രായോഗികങ്ങളായവയെ പരീക്ഷിക്കുകയും ചെയ്തിട്ടുണ്ട്.

## FOOD STUFFS FROM MILITARY STORES—PURCHASE OF

**463.** മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

(എ) മിലിട്ടറി സ്റ്റോറിൽനിന്നു് എത്ര ലക്ഷം ഉറുപ്പിക വിലക്കുള്ള ഭക്ഷ്യപദാർത്ഥങ്ങളാണ് ഗവണ്മെണ്ട് വാങ്ങിച്ചിരിക്കുന്നതു്;

(ബി) ഈ ഭക്ഷണപദാർത്ഥങ്ങളുടെ വിവരവും ഓരോ ഇനത്തിന്റെയും ആകെ എണ്ണമോ തൂക്കമോ അളവോ എന്തെന്നും ഗവണ്മെണ്ടു വ്യക്തമാക്കുമോ;

(സി) ഈ പദാർത്ഥങ്ങൾ ഗവണ്മെണ്ട് എങ്ങിനെ വിലവഴിച്ചു;

(ഡി) വിലവുചെയ്തപ്പോൾ വന്ന ലാഭനഷ്ടങ്ങൾ എത്ര?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) മിലിട്ടറി സ്റ്റോറിൽനിന്നു വാങ്ങിയ ടിൻ പ്രൊവിഷൻസിന്റെ വില ആകെ ക. ൪, ൪൯, ൫൪—൧— ൦ ആണ്.

(ബി) സാധനങ്ങളുടെ വിവരം അടങ്ങിയ ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്. (Appendix III)

(സി) കുറെ സാധനങ്ങൾ കച്ചവടക്കാർക്കു വിറ്റു. കുറെ സാധനങ്ങൾ ലേലംവിളിച്ചു വിറ്റു.

(ഡി) സാധനങ്ങൾ മുഴുവൻ വിറ്റു തീർന്നിട്ടില്ല. തിൻശേഷമെ ലാഭനഷ്ടങ്ങളുടെ കാര്യം തീരുമാനിക്കുവാൻ നിവൃത്തിയുള്ളൂ.

## VEGETABLE FARM AT NELLIAMPATHIES

**464.** മിസ്റ്റർ വി. ആർ. കൃഷ്ണനെഴുത്തശ്ശൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവണ്മെണ്ടു ദയവായി മറുപടി പറയുമോ.—

(എ) നെല്ലിയാംപതിയിലെ പച്ചക്കറിത്തോട്ടത്തിൽ ൧൯൫൫-ൽ എത്ര കൂലിക്കാരാണ് പണിയെടുത്തിട്ടുള്ളതു്;

(ബി) അതിൽ കൊച്ചിക്കാർ എത്ര; പുറം നാട്ടുകാർ എത്ര;

(സി) അവിടെ സ്ത്രീകൾക്കും പുരുഷന്മാർക്കും എത്ര നിരക്കനുസരിച്ചാണ് കൂലി നൽകിവരുന്നതു്;

(ഡി) കൂലിക്കുപുറമെ തൊഴിലാളികൾക്ക് എന്തെല്ലാം ജീവിത സൌകര്യങ്ങളാണു ഗവണ്മെണ്ടു ചെയ്തുകൊടുക്കുന്നതു്?

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി:

(എ) ൫൦൦ കൂലിക്കാർ.

(ബി) കൊച്ചിക്കാർ ൨൫. പുറംനാട്ടുകാർ ൨൭൫.

(സി) പുരുഷൻ ൧൫ അണ.
സ്ത്രീ ൧൦ അണ.
കുട്ടി ൭½ അണ.

(ഡി) (൧) കൂലിക്കാർക്ക് ൨൦൦ ദിവസം ഫാറത്തിൽ ജോലി എടുത്താൽ ഒരു കമ്പിളിയും ഫാറത്തിൽനിന്നു തിരിച്ചുപോകുന്നതിനുള്ള യാത്രച്ചിലവും സൌജന്യമായി കൊടുക്കും. (൨) വൈദ്യസഹായം (free medical aid) എല്ലാ കൂലിക്കാർക്കും നൽകും. (൩) ഫാറത്തിൽ മലേറിയനിവാരണ പ്രയോഗികം ഗവണ്മെണ്ടിൽനിന്നും ചെയ്യുവരുന്നുണ്ട്. (൪) പണിയുന്നതിനു പ്രായമാവാത്ത കുട്ടികൾക്കു ഉച്ചക്കു സൌജന്യമായി ഭക്ഷണം (കഞ്ഞി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നതാണ്. (ഇ) താമസിക്കുന്നതിനു വാടകകൂടാതെ സ്ഥലങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്.

## DRINKING WATER—DISTRIBUTION OF

**465.** ചൌധരി ജി. എസ്സ്. ധാരാസിഗ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു സദയം മറുപടി പറയുമോ.—

കടലോരപ്രദേശങ്ങളിൽ നടത്തുന്ന ശുദ്ധജല വിതരണപദ്ധതി വടക്കോട്ടു നീട്ടണമെന്നു് ആവശ്യപ്പെട്ടിരുന്നതിനു് എന്തു നടപടി എടുത്തു?

റാവുസാഹിബു് കെ. അയ്യപ്പൻ: വൈപ്പീൻകരയിൽനിന്നു ഞാറക്കൽവരേയും അവിടന്നു പള്ളിപ്പുറംവരേയും പൈപ്പുകൾ ഇട്ടു ശുദ്ധജലം വിതരണം ചെയ്യുവാനുള്ള ഒരു പദ്ധതി ഗവൺമെണ്ടു് തയ്യാറാക്കിയിട്ടുണ്ടു്. ഇതിൽ ഞാറക്കൽവരേയുള്ള പണികൾ എസ്റ്റിമേറു പാസ്സാക്കിയിട്ടുമുണ്ടു്.

## CORRUPTION OF CERTAIN PERSONS—DETAILS REGARDING

**466.** മിസ്റ്റർ കെ. കൊച്ചുകുട്ടൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നും സദയം മറുപടി പറയുമോ.—

(എ) മീലിട്ടറി വെൽഫെയർ ഡിപ്പാർട്ടുമെണ്ടിൽനിന്നും വെൽഫെയർ വർക്കർ ആയ ഒരു പരമേശ്വരമേനവനേയും സപ്ലൈ ഡിപ്പാർട്ടുമെണ്ടിൽനിന്നും പർച്ചെയിസിങ്ങ് ആഫീസറായ മി. എം. ജെ. ഐസക്കിനേയും കൈക്കൂലി കുറ്റത്തിന്നാണോ സപ്ലീസിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളതു്;

(ബി) ഇവർ ഓരോരുത്തരുടേയും പ്രായവും പരീക്ഷായോഗ്യതയും എന്താണു്;

(സി) ഓരോരുത്തക്കും എന്തു ശമ്പളമാണു്;

(ഡി) ഇവർ ഓരോരുത്തരും എത്ര രൂപ്പികവീതം കൈക്കൂലി വാങ്ങി എന്നാണു് ഗവൺമെണ്ടിനു ബോദ്ധ്യപ്പെട്ടിട്ടുള്ളതു്;

(ഇ) ഓരോരുത്തരുടേയും രാജി സ്വീകരിച്ചു് അവരെ ജോലിയിൽനിന്നും ഒഴിവാക്കുകയാണോ അതോ ഡിസ്മിസ് ചെയ്യുകയാണോ ഉണ്ടായിട്ടുള്ളതു്;

(എഫ്) മി. ഐസക്കിന്റെ രാജി സ്വീകരിച്ചും മി. മേനവനെ അല്ലാതെയുമാണു് സപ്ലീസിൽനിന്നും ഒഴിവാക്കിയിട്ടുള്ളതെങ്കിൽ അതിനുള്ള കാരണമെന്തു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) അതേ.

(ബി) മി. പരമേശ്വരമേനോൻ—വയസ്സു് ന. മ. പരീക്ഷായോഗ്യത —ഫിഫ്ത്ത് ഫാറംവരെ പഠിച്ചിട്ടുണ്ടു്. മി. ഐസക്ക്—വയസ്സു് ഉദ്ദേശം ന. ന. പരീക്ഷായോഗ്യത —ബി. എ., ബി. എൽ.

(സി) ഒന്നുമില്ല.

(ഡി) മി. പരമേശ്വരമേനോൻ മ ഠ ക. മ ന ണ. മി. ഐസക്കു് തുകെ എത്ര സംഖ്യ വാങ്ങിയെന്നറിയുവാൻ സാധിച്ചിട്ടില്ല.

(ഇ) മി. പരമേശ്വരമേനോനെ സപ്ലീസിൽനിന്നും പിരിച്ചുവിടുകയും മി. ഐസക്കിനെ ഒഴിഞ്ഞുപോകുവാൻ അനുവദിക്കുകയും ചെയ്തു.

(എഫ്) പ്രത്യേക കാരണങ്ങളൊന്നുമില്ല. മി. ഐസക്കിന്റെ പ്രായക്കുറവു്, പരിചയക്കുറവു്, പരീക്ഷായോഗ്യത മുതലായ സംഗതികളെല്ലാം പരിഗണിച്ചു ടി ഉദ്യോഗസ്ഥനെ സപ്ലീസിൽനിന്നും ഒഴിഞ്ഞുപോകുവാൻ അനുവദിച്ചു.

## BOATS—OVERLOARDING OF

**467.** മിസ്റ്റർ പി. നാരായണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട ഗവൺമെണ്ടു് സദയം മറുപടി പറയുമോ.—

(എ) ബോട്ടുകളിലെ ഓവർലോഡു പരിശോധിക്കുന്നതിനും മറ്റും ഇപ്പോൾ ട്രാഫിക്കു് ഇൻസ്പെക്ടർമാരുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇപ്പോൾ ഈ ചുമതലകൾ നിർവ്വഹിക്കുന്നതു് ആർ?

LIBRARY ARCHIVES Kerala Legislative Assembly